പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5390 23.05.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സിയുടെ സ്വത്തുവകകൾ സംരക്ഷിക്കേണ്ട ചുമതല

ചോദ്യം
ശ്രീ.പി.കെ. ശശി

ഉത്തരം
ശ്രീ. തോമസ് ചാണ്ടി
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സിയുടെ സ്വത്തുവകകൾ സംരക്ഷിക്കേണ്ട ചുമതല കോർപ്പറേഷനിലെ ഏതു വിഭാഗമാണ് നിർവ്വഹിക്കുന്നത് എന്നും, കോർപ്പറേഷന്റെ കൈയ്യിലുള്ള സ്വത്തുവകകൾ എത്ര എന്നും അന്യാധീനപ്പെട്ടു കിടക്കുന്നവ എത്ര എന്നും ഇതു സംരക്ഷിക്കാൻ എന്തു പ്രവർത്തനങ്ങൾ നടത്തിവരുന്നു എന്നു വ്യക്തമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സിയുടെ കൈവശമുള്ള സ്ഥലങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ കൈകാര്യം ചെയ്യുന്നതും സ്ഥലങ്ങൾ സംരക്ഷിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുന്നതും എസ്റ്റേറ്റ് സെക്ഷൻ മുഖേനയാണ്. കെ.എസ്.ആർ.ടി.സിയുടെ കൈവശം സംസ്ഥാനത്ത് എല്ലാ ജില്ലകളിലുമായി 172.90 ഹെക്ടർ സ്ഥലമാണുള്ളത്. കെ.എസ്.ആർ.ടി.സിയുടെ കൈവശമുള്ള സ്ഥലങ്ങൾ അന്യാധീനപ്പെട്ട് കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കയ്യേറ്റ സാദ്ധ്യത ഒഴിവാക്കുന്നതിനായി സ്ഥലങ്ങൾ അതിർത്തി നിർണ്ണയിച്ച് ചുറ്റുമതിൽ/മുള്ളുവേലി കെട്ടി സംരക്ഷിച്ച് വരുകയാണ്. |
| (ബി) | തമ്പാനൂർ ബസ് സ്റ്റാന്റിൽ ചുറ്റുമതിൽ കെട്ടണമെന്ന ഹൈക്കോടതി ഉത്തരവുപാലിക്കാനായി നാളിതുവരെ എന്തു നടപടി കോർപ്പറേഷൻ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;വിധി പകർപ്പ ലഭ്യമാക്കുമോ; | (ബി) | തമ്പാനൂർ കെ.എസ്.ആർ.റ്റി.സി. ബസ് സ്റ്റാൻഡിന് ചുറ്റുമതിൽ നിർമ്മാണവുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതി മുമ്പാകെ കെ.എസ്.ആർ.റ്റി.സി.യോ കെ.റ്റി.ഡി.എഫ്.സി.യോ കക്ഷിയായി കേസുകൾ ഒന്നും നിലവിലില്ല. |

| | | | |
|---|---|---|---|
| (സി) | സ്വകാര്യ വാണിജ്യ സമുച്ചയത്തിന് സാമ്പത്തിക നേട്ടമുണ്ടാക്കാനുള്ള കെ.എസ്.ആർ.ടി.സി. എസ്റ്റേറ്റ് വിഭാഗത്തിന്റെ കൂട്ടുനിൽക്കലാണ് പ്രസ്തുത ചുറ്റുമതിൽ നിർമ്മാണം സംബന്ധിച്ച് ഹൈക്കോടതി ഉത്തരവുണ്ടെങ്കിലും ഉത്തരവ് നടപ്പാക്കാത്തത് എന്നത് പരിശോധിക്കാനും കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കാനും നടപടി സ്വീകരിക്കുമോ; | (സി) യും (ഡി) യും | ബി പിരിവിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |
| (ഡി) | ഹൈക്കോടതി നിർദ്ദേശം എന്നത്തേക്ക് പാലിക്കാനാണ് കെ.എസ്.ആർ.ടി.സി ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**